

# 19 സംസ്ഥാനങ്ങളെ സഹായിക്കാൻ കുടുംബശ്രീ



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

തന്റെ നാൽപ്പതാം വയസ്സിലാണ് അവർ ആദ്യമായി കേരളത്തിന് പുറത്തേക്ക് യാത്ര ചെയ്തത്. ഒഡീഷയിലെ ഒരു പഞ്ചായത്തിൽ എത്തി മൂന്ന് വർഷം താമസിച്ച് ആ നാട്ടിലെ സ്ത്രീകളുടെ ഉന്നതിക്കു വേണ്ടി പ്രയത്നിക്കാനായിരുന്നു ആ യാത്ര. ഹിന്ദി ചെറുതായിട്ട് അറിയാം. ഒഡിയ ഭാഷ അറിയില്ല. എന്നാലും താൻ ഏറ്റെടുത്ത വെല്ലുവിളി സ്വീകരിച്ച് വിജയിച്ചു വരണമെന്ന ദൃഢനിശ്ചയമാണ് അവരുടെ പ്രചോദനം. കേരളത്തിലെ 138 കുടുംബശ്രീ അംഗങ്ങൾ ഇതുപോലെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ (എൻ.ആർ.ഒ.) ഭാഗമായി മെന്റർ എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു.





കേരളത്തിലെ ദാരിദ്ര്യനിർമ്മാർജ്ജന മിഷനാണ് കുടുംബശ്രീ. പത്ത് മുതൽ ഇരുപത് വരെ അംഗങ്ങളുള്ള അയൽക്കൂട്ടങ്ങളുണ്ടാക്കി വിവിധ വരുമാനദായക പ്രവർത്തനങ്ങളും സാമൂഹ്യ സേവനങ്ങളും ശാക്തീകരണം മുൻനിർത്തിയുള്ള സംയോജനങ്ങളും സാധ്യമാക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. 1998ൽ തുടങ്ങിയ കുടുംബശ്രീയ്ക്ക് 2012ലാണ് കേന്ദ്രസർക്കാരിന്റെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ എന്ന പദവി ലഭിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ആ സംസ്ഥാനങ്ങളുടെ ആവശ്യപ്രകാരം സ്ത്രീകളുടെ കൂട്ടായ്മകളുണ്ടാക്കാൻ വേണ്ട നേതൃത്വം നൽകുകയാണ് എൻ.ആർ.ഒ. എന്ന ഈ പദവിയുടെ ലക്ഷ്യം.

നിലവിൽ ആന്ധ്ര, ബീഹാർ, ഗോവ, ഝാർഖണ്ഡ്, മധ്യപ്രദേശ്, മണിപ്പൂർ, രാജസ്ഥാൻ, ത്രിപുര, ഹരിയാന, ഉത്തർ പ്രദേശ്, മിസോറാം, സിക്കിം, ഒഡീഷ, മഹാരാഷ്ട്ര, ലക്ഷദ്വീപ്, കർണ്ണാടക, ഗുജറാത്ത്, ഛത്തിസ്ഗഢ്, ആസാം എന്നിങ്ങനെ 19 സംസ്ഥാനങ്ങളുമായി കുടുംബശ്രീ കരാറിൽ ഒപ്പിട്ടു കഴിഞ്ഞു. മേൽപ്പറഞ്ഞ മെന്റർമാർ വഴിയാണ് കുടുംബശ്രീ എൻ.ആർ.ഒ. പ്രവർത്തനങ്ങൾ നടത്തുന്നത്. ഈ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ അല്ലെങ്കിൽ പഞ്ചായത്തുകളിൽ പ്രവർത്തിച്ച് സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുക, സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാൻ സ്ത്രീകൾക്ക് കൈത്താങ്ങ് നൽകുക, തദ്ദേശ സ്ഥാപനങ്ങളുമായുള്ള സംയോജനം സാധ്യമാക്കി അർഹമായ അവകാശങ്ങൾ സ്ത്രീകൾക്ക് നേടിക്കൊടുക്കുക എന്നിങ്ങനെ വിവിധ മേഖലകളിലാണ് മെന്റർമാരുടെ പ്രവർത്തനം.

ഇപ്രകാരം കുടുംബശ്രീയുടെ ഒരു മെന്റർ, കരാറിലെത്തിയ സംസ്ഥാനത്തെത്തി അവിടെ സ്ത്രീകളുടെ കൂട്ടായ്മയുണ്ടാക്കാനായി നേതൃത്വമികവുള്ള തദ്ദേശവാസികളെ തെരഞ്ഞെടുക്കും. അവർക്ക് പരിശീലനം നൽകി പ്രവർത്തനം ഏകോപിപ്പിക്കും. മൂന്ന് വർഷം കഴിയുമ്പോൾ ആ സംസ്ഥാനത്തെ സ്ത്രീകൾക്ക് നേതൃത്വത്തിന്റെ പൂർണ്ണ ചുമതല നൽകി പിൻവാങ്ങും. ഇതാണ് ഇപ്പോഴത്തെ പ്രവർത്തന മാതൃക. ഇന്ത്യയുടെ ഗ്രാമങ്ങളിൽ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി തങ്ങളുടെ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ മറന്ന് നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന കുടുംബശ്രീ എൻ.ആർ.ഒ. യിലെ ഈ 138 മെന്റർ സ്ത്രീകൾ തീർച്ചയായും കേരളത്തിന്റെ അഭിമാനമാണ്.

ഇവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ മൂലം കരാറിലെത്തിയ സംസ്ഥാനങ്ങളിൽ 41,843 സംരംഭങ്ങൾ കഴിഞ്ഞ ആറ് വർഷം കൊണ്ട് ആരംഭിക്കാൻ കഴിഞ്ഞുവെന്നത് മെന്റർമാരായി പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകളുടെ കാര്യപ്രാപ്തിക്ക് മികച്ച ഉദാഹരണമാണ്. ഇപ്രകാരം ഇന്ത്യയിലെ 19 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ കുടുംബശ്രീയിലൂടെ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്.